(ബി) തുടർ വിദ്യാഭ്യാസ പരിപാടിയിൽ പ്രവർത്തിക്കുന്ന പ്രേരക് മാർക്ക് 2004 ഡിസംബറിനുശേഷം നൽകാനുള്ള അലവൻസ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് നിരക്ഷരരായി അവശേഷിക്കുന്ന ആളുകളെ സാക്ഷരരാക്കുവാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) പ്രാബല്യത്തിൽ വന്നിട്ടില്ല. (ഇക്കാര്യത്തിൽ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.)

(ബി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികളും സാക്ഷരതാമിഷൻ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് നിരക്ഷരരായി അവശേഷിക്കുന്നവരെ സാക്ഷരരാക്കാനുള്ള പദ്ധതി ആവിഷ്കരിക്കാൻ സാക്ഷരതാ മിഷനു ഉദ്ദേശ്യമുണ്ട്.

കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിൽ വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ നിർമ്മാണം

58 [1580] ശ്രീ. പി.കെ. അബ്ദുറബ്ബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിൽ വിദ്യാർത്ഥിനികൾക്കുള്ള ഹോസ്റ്റൽ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ അത് അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആൻറ് ബി) 2005-06 ബഡ്ജറ്റ് വിഹിതത്തിൽ കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്ക് കെട്ടിട നിർമ്മാണത്തിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപയും ഹോസ്റ്റൽ നിർമ്മാണത്തിന് 4,86,000 രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം ഹോസ്റ്റൽ കെട്ടിടത്തിനുവേണ്ട പ്ലാനും എസ്റ്റിമേറ്റും തയാറാക്കാൻ ചീഫ് എഞ്ചിനീയറോട് (ബിൽഡിംഗ് ആൻറ് ലോക്കൽ വർക്സ്) ആവശ്യപ്പെട്ടിട്ടുണ്ട്.

എറണാകുളം ജില്ലയിലെ വേങ്ങൂർ മാർകൗമ ഹയർ സെക്കണ്ടറി സ്കൂളിലെ ജിംന ജോയി എന്ന അദ്ധ്യാപികയ്ക്ക് സീനിയോറിറ്റി പുനഃസ്ഥാപിച്ചു കിട്ടുന്നതിന് നടപടി

59 [1583] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വേങ്ങൂർ മാർകൗമ ഹയർ സെക്കണ്ടറി സ്കൂളിലെ ജിംന ജോയി എന്ന അദ്ധ്യാപിക സീനിയോറിറ്റി പുനഃസ്ഥാപിച്ചു കിട്ടുന്നതിന് അപേക്ഷ നൽകിയിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly